ഏ.സി.എച്ച് / 2020
10.08.2020

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2020
## ഓൺലൈൻ അപേക്ഷ അവസാന തീയതി ആഗസ്റ്റ് 17

കേരള സർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 17.08.2020 ന് വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിവിധ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും 17.08.2020-ന് വൈകിട്ട് 5 മണിക്ക് മുൻപ് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിൻറൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് താല്പര്യമുള്ള വിദ്യാർഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രോഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്ട്സ് ക്വാട്ട പ്രവേശനത്തിന് താല്പര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ.മെയിൽ മുഖാന്തിരമോ 17.08.2020 ന് വൈകിട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ.മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർഥികൾക്ക് ഓൺലൈനായി ആഗസ്റ്റ് 17 വൈകിട്ട് 5 മണി വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ട്മെന്റിനായി ഓൺലൈൻ അപേക്ഷ പൂർത്തിയാക്കിയവർക്ക് വീണ്ടും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിലെ കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് ഉപയോഗിച്ച് താല്പര്യമുള്ള വിഷയങ്ങൾ / കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകാവുന്നതാണ്. വിദ്യാർഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകൾ മാത്രമേ ഇവിടെ ഓപ്ഷനായി കാണിക്കുകയുള്ളൂ. ഓപ്ഷനുകൾ നൽകിയതിന് ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക.

ഓൺലൈൻ അപേക്ഷ പ്രിന്റൗട്ടിന്റെ പകർപ്പുകൾ ഒന്നും തന്നെ കോളേജിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. ആയത് അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് 8281883052, 82281883053 എന്നീ ഫോൺ നമ്പറുകളിലോ onlineadmission@keralauniversity.ac.in എന്ന ഇ.മെയിൽ ഐ.ഡി യിലോ സർവകലാശാലയുമായി ബന്ധപ്പെടുക.

Sd/-

**രജിസ്ട്രാർ**